# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5674

09.07.2012-ലെ
മറുപടിക്ക്.

## വിദ്യാഭ്യാസ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയിട്ടുള്ള അദ്ധ്യാപക പാക്കേജ് അനുസരിച്ച് പി.എസ്.സി.യുടെ ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും ജോലി ലഭിച്ച അദ്ധ്യാപകർക്കും, റാങ്ക് ലിസ്റ്റിൽ നിലവിലുള്ള റാങ്ക് ഹോൾഡേഴ്സിനും, ടീച്ചേഴ്സ് സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (റ്റെറ്റ്) പാസാകുന്നതിന് അനുവദിച്ചിരിക്കുന്ന കാലാവധി സംബന്ധിച്ച് വ്യക്തമാക്കുമോ; | (എ) കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ 2011ലെ ചട്ടം 16(1) അനുസരിച്ച് ആർ.റ്റി.ഇ. ആക്ട് നിലവിൽ വന്ന സമയത്ത് അക്കാദമിക് അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള മിനിമം യോഗ്യതകൾ ഇല്ലാത്ത ടീച്ചർമാർ ആക്ട് നിലവിൽ വന്ന് 5 വർഷ കാലയളവിനുള്ളിൽ പ്രസ്തുത യോഗ്യതകൾ നേടേണ്ടതാണ്. റ്റി.ഇ.റ്റി. യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ സംസ്ഥാനത്ത് കുറവായ സാഹചര്യം കണക്കിലെടുത്ത് പുതിയ ഉദ്യോഗാർത്ഥികൾക്ക് താൽക്കാലികമായി റ്റി.ഇ.റ്റി. യോഗ്യതയിൽ നിന്ന് ഇളവ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ നിലവാരം കണക്കിലെടുത്ത് നിലവിലുള്ള ടീച്ചർമാരേയും റ്റി,ഇ.റ്റി യോഗ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പുതിയ അദ്ധ്യാപക പാക്കേജ് പ്രകാരം സാങ്കേതികമായി 5-ാം ക്ലാസ് എൽ.പി. സ്കൂൾ വിഭാഗത്തിൽ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; നടപടി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് സർക്കാർ വ്യക്തമാക്കുമോ; | (ബി) | വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ 5-ാംക്ലാസ് എൽ.പി.യിലേയ്ക്കും 8-ാം ക്ലാസ്സ് യു.പി.യിലേയ്ക്കും ചേർക്കുന്നതിനുള്ള ഘടനാപരമായ മാറ്റം സംബന്ധിച്ച കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള 05.06.2012-ലെ സർക്കാർ ഉത്തരവ് പ്രകാരം 1190 പ്രൊട്ടക്ടഡ് അദ്ധ്യാപകരെ തിരികെ മാതൃവിദ്യാലയങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി എന്ന് പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാർ സ്കൂളുകളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ തസ്തികകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ഡി.പി.ഐ. അറിയിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന അദ്ധ്യാപകർ ജോയിൻ ചെയ്യുന്ന മുറയ്ക്ക് പ്രൊട്ടക്ടഡ് അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിലേയ്ക്ക് പുനർ വിന്യസിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ